## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 286       21/06/2013-ൽ മറുപടിയ്ക്ക്

### തദ്ദേശസ്വയം ഭരണ വകുപ്പ് സഹായത്തോടെ കൃഷി വകുപ്പ് നടത്തുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.കെ. നാരായണൻ<br>,, സാജു പോൾ<br>,, ബാബു എം. പാലിശ്ശേരി<br>,, എസ്. രാജേന്ദ്രൻ | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കാർഷികമേഖലയിൽ തദ്ദേശസ്വയം ഭരണ വകുപ്പ് മുഖാന്തിരമോ സഹായത്തോടെയോ കൃഷി വകുപ്പ് നടത്തുന്ന പദ്ധതികൾ ഏതെല്ലാമാണ് ; | എ) കാർഷിക മേഖലയിൽ "നെൽകൃഷി ഉൽപാദന ബോണസ്സ് നൽകുന്ന പദ്ധതി" യാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം കൃഷി വകുപ്പ് നടപ്പിലാക്കുന്നത്. |
| ബി) ഈ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | ബി) സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെൽകർഷകരെ നെൽകൃഷി മേഖലയിൽ തന്നെ നിലനിർത്താനും ലക്ഷ്യമിട്ടാണ് ഉൽപാദന ബോണസ്സ് നൽകുന്നത്. ഒരു ഹെക്ടറിന് ഒരു വിളയ്ക്ക് 1000/- രൂപ എന്ന തോതിൽ ഉൽപാദന ബോണസ്സ് നൽകുന്നു. നെൽകൃഷി നടപ്പിലാക്കുന്ന വിസ്തൃതിക്ക് ആനുപാതികമായി ജില്ലകൾക്ക് തുക അനുവദിച്ചു നൽകുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കർഷകർക്ക് നൽകുകയും ചെയ്യുന്നു. ഡിപ്പാർട്ട്മെന്റ് തലത്തിൽ പദ്ധതി അവലോകനം ചെയ്യുന്നു. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ തദ്ദേശ സ്ഥാപനങ്ങൾക്കായി യഥാക്രമം 2401-00-191-50, 2401-00-192-50, 2401-00-198-50 ( നോൺ പ്ലാൻ) എന്നീ ശീർഷകങ്ങളിലായി അനുവദിക്കുന്ന |

തുകയുടെ വിനിയോഗത്തെ സംബന്ധിച്ച് അവലോകനം നടത്തുന്നുണ്ട്. ഓരോ വിളയ്ക്കും നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിക്ക് ആനുപാതികമായി തുകയുടെ വിനിയോഗം നടക്കുന്നുണ്ടോ എന്നും അവലോകനം ചെയ്യപ്പെടുന്നുണ്ട്.

സി) 2012-13-ൽ ഈ പദ്ധതി നടത്തിപ്പിലൂടെ കൈവരിക്കാൻ ഉദ്ദേശിച്ചിരുന്ന ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; അവയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെന്നറിയിക്കാമോ;

സി) സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെൽകർഷകരെ നെൽകൃഷി മേഖലയിൽ തന്നെ നില നിർത്തുന്നതിനും ലക്ഷ്യമിട്ടാണ് ഉൽപ്പാദന ബോണസ്സ് നൽകി വരുന്നത്. 2012-13 വർഷം മുണ്ടകൻ, പുഞ്ച വിളകളെ വരൾച്ച സാരമായി ബാധിച്ചുവെങ്കിലും പരമാവധി സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനും സാധിച്ചിട്ടുണ്ട്.

ഡി) 2012-13-ൽ ഓരോ പദ്ധതിക്കും നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്നറിയിക്കാമോ?

ഡി) 2012-13 ൽ നെൽകൃഷി ഉൽപാദന ബോണസ്സ് നൽകുന്നതിനായി 1238.25915 രൂപ അനുവദിക്കുകയും ഈ തുക പൂർണ്ണമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**